"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- നഗരകാര്യം - കൊല്ലം നഗരസഭയിൽ സീനിയർ ക്ലർക്കായിരിക്കേ മരണമടഞ്ഞ പ്രദീപ് കുമാർ.എസ്-ന്റെ മെഡിക്കൽ റീ ഇമ്പേഴ്സമെന്റ് അപേക്ഷ- പലിശരഹിതവായ്പ കുറവ് ചെയ്ത് അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.999/2024/LSGD തീയതി,തിരുവനന്തപുരം, 07-06-2024

---

പരാമർശം:- തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 08.05.2024 തീയതിയിലെ LSGD/PD/25506/2023-DEG1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിലെ സീനിയർ ക്ലാർക്ക് ആയിരിക്കെ 11.07.2020ൽ മരണമടഞ്ഞ പ്രദീപ്കുമാർ.എസ് എന്നവർക്ക് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ചികിത്സയ്ക്കായി പലിശരഹിത മെഡിക്കൽ അഡ്വാൻസ് അപേക്ഷയുടെ അടിസ്ഥാനത്തിൽ അടിയന്തരസാഹചര്യം പരിഗണിച്ച്, ബഹു.മേയറുടെ മുൻകൂർ അനുമതി പ്രകാരം നഗരസഭാകൗൺസിൽ അംഗീകാരത്തോടെ 100000/- (ഒരു ലക്ഷം) രൂപ നഗരസഭാഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിരുന്നതായും, മെഡിക്കൽ റീ ഇമ്പേഴ്സമെന്റ് അപേക്ഷപ്രകാരം ടിയാന്റെ ചികിത്സയ്ക്കായി 25.06.2020 മുതൽ 11.07.2020 വരെയുള്ള കാലയളവിൽ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചിലവായ തുകയിൽ സർക്കാർ അംഗീകൃത നിരക്കുകൾ പ്രകാരം ആകെ അനുവദനീയമായ തുക 2,53,372/- (രണ്ട് ലക്ഷത്തി അൻപത്തി മൂവായിരത്തി മുന്നൂറ്റി എഴുപത്തി രണ്ട് രൂപ) മാത്രമാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുള്ളതായും, ആയതിനാൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമാണെന്നറിയിച്ച 2,53,372/- രൂപയിൽ ടിയാന് മെഡിക്കൽ അഡ്വാൻസായി അനുവദിച്ച 1,00,000/- (ഒരു ലക്ഷം) രൂപ ക്രമീകരിച്ച് ബാക്കി തുക (1,53,372/- രൂപ) മെഡിക്കൽ റീഇമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിന് അനുമതിക്കായി അപേക്ഷയും അനുബന്ധരേഖകളും പരാമർശം കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം കൊല്ലം നഗരസഭയിൽ സീനിയർ ക്ലർക്കായിരിക്കേ 11.07.2020ൽ മരണമടഞ്ഞ പ്രദീപ് കുമാർ.എസ്-ന് 25.06.2020 മുതൽ 11.07.2020 വരെയുള്ള കാലയളവിൽ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ Coronary Artery Disease സംബന്ധമായ ചികിത്സയ്ക്കായി ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമാണെന്നറിയിച്ച തുകയിൽ (2,53,372/- രൂപ) ടിയാന് നഗരസഭാ കൗൺസിൽ തീരുമാനപ്രകാരം മെഡിക്കൽ അഡ്വാൻസായി അനുവദിച്ച 100000/- (ഒരു ലക്ഷം) രൂപ ക്രമീകരിച്ച് ബാക്കി തുകയായ 1,53,372/- രൂപ( ഒരു ലക്ഷത്തി അൻപത്തി

മൂന്നായിരത്തി മുന്നൂറ്റി എഴുപത്തി രണ്ട് രൂപ മാത്രം) മെഡിക്കൽ റീഇമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANJALY DEVI A G
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകൾ ഉൾപ്പെടെ)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കൊല്ലം നഗരസഭ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രദീപ് കുമാർ.എസ് -ന്റെ അനന്തരാവകാശിക്ക് ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 10-06-2024 10:05:28
സെക്ഷൻ ഓഫീസർ